(ഡി) ഡോ. നോയൽ നാരായണൻ, ഡോ. ലളിത കൈലാസ്, ഡോ. പി. കെ. ജമീല എന്നീ ശിശുരോഗ വിദഗ്ധർ അടങ്ങുന്ന സമിതി ഈ വാക്സിന്റെ പ്രായോഗികമായ ആവശ്യകത വിലയിരുത്തുകയും കേരളത്തിന് ആവശ്യമാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റേയും അടിസ്ഥാനത്തിലാണ് പെന്റാവലന്റ് വാക്സിൻ കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായത്.

(ഇ) പേപ്പട്ടി വിഷബാധയ്ക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. Bharat Biotech International Private Limited ഉൽപ്പാദിപ്പിക്കുന്ന മരുന്നാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്.

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ

28 (2579) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലുണ്ടോ ; ആശുപത്രികൾ ഇല്ലാത്തത് ഏത് വിഭാഗത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗത്തിൽ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അലോപ്പതി

കൊല്ലം ജില്ലയിലെ കൊറ്റങ്കര പഞ്ചായത്തിൽ ആശുപത്രിയില്ല.

ആയുർവ്വേദം

കരുങ്കുളം, മഞ്ഞളൂർ, രാമങ്കരി, പള്ളിവാസൽ എന്നീ പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ല.

ഹോമിയോ

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ 42 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) അലോപ്പതി വിഭാഗത്തിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഈ നടപ്പു സാമ്പത്തിക വർഷത്തിൽ ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) തിരുവനന്തപുരം നഗരസഭയിലെ ജഗതിയിൽ ഒരു ഗവണ്മെന്റ് ഡിസ്പെൻസറിയും വിവിധ ജില്ലകളിലായി 23 ഗ്രാമപഞ്ചായത്തുകളിൽ 23 പി.എച്ച്.സി.കളും 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 110 ഡിസ്പെൻസറികളും പത്ത് കിടക്കകളോടുകൂടിയ മൂന്ന് ആശുപത്രികളും ആരംഭിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ 77 ഗവണ്മെന്റ് ആയുർവ്വേദ ഡിസ്പെൻസറികളും 8 ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്ത് ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രികളും ആക്കിയിട്ടുണ്ട്.

എബോള, പക്ഷിപ്പനി എന്നിവയ്ക്കെതിരെ മുൻകരുതൽ

29 (2580) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എബോള, പക്ഷിപ്പനി എന്നീ രോഗങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത രോഗങ്ങൾ സംസ്ഥാനത്തെവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.